# DIOCESE OF MANDYA

Bishop's House, Kalenahalli P. O, Mandya
Karnataka State, India 571 402
Email: antonykariyilcmi@gmail.com


## ഇടയലേഖനം

ഈശോയിൽ സ്നേഹം നിറഞ്ഞ സഹോദര വൈദികരേ, സിസ്റ്റേഴ്സ്, മാതാപിതാക്കളേ, യുവതീയുവാക്കളേ, വാത്സല്യ കുഞ്ഞുമക്കളേ,

മണ്ഡ്യ ബിഷപ്സ് ഹൗസിൽ നിന്നും എല്ലാവർക്കും സ്നേഹാശംസകൾ!

മദ്ധ്യവേനൽ അവധി കഴിഞ്ഞു പുതിയ അദ്ധ്യയന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. വിശ്വാസപരിശീലനത്തിന്റെ ഭാഗമായ സൺഡേ സ്കൂളുകളും ഇതോടൊപ്പം സജീവമാകുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിച്ചുകൊള്ളട്ടെ.

ക്രൈസ്തവ ഭൂഖണ്ഡങ്ങളായി കണക്കാക്കപ്പെടുന്ന യൂറോപ്പ്, വടക്കേ അമേരിക്ക എന്നിവിടങ്ങളിലുള്ള രാജ്യങ്ങളിൽ ക്രൈസ്തവവിശ്വാസം അനുദിനം ക്ഷയിക്കുന്ന ഒരു സ്ഥിതിവിശേഷമാണല്ലോ കണ്ടുകൊണ്ടിരിക്കുന്നത്. ഞായറാഴ്ചകളിൽപോലും ദേവാലയത്തിൽ വിശുദ്ധകുർബാനയിൽ സംബന്ധിക്കുവാനായി 5 മുതൽ 10 ശതമാനം വരെ വിശ്വാസികൾ മാത്രമാണ് എത്തുന്നത്. ഇവരിൽ ഭൂരിഭാഗംപേരും 60 വയസ്സിന് മുകളിലുള്ളവരാണ്. ഭൗതികതയുടെ അതിപ്രസരമായിരിക്കാം ഇതിന്റെ പിന്നിൽ.

തെക്കേ അമേരിക്ക കത്തോലിക്കാ ഭൂഖണ്ഡമായിട്ടാണ് അറിയപ്പെടുന്നത്. ഔദ്യോഗിക കണക്കനുസരിച്ച് തെക്കേ അമേരിക്കയിൽ മിക്കവാറും എല്ലാ രാജ്യങ്ങളിലും 90 ശതമാനത്തോളം കത്തോലിക്കരാണ്. പക്ഷേ, അവിടെയുള്ള രാജ്യങ്ങളിലും ക്രൈസ്തവ വിശ്വാസം ജീവിക്കുന്നവർ 5 മുതൽ 10 ശതമാനം വരെ മാത്രം. അതിന് പ്രധാന കാരണം വിശ്വാസപരിശീലനത്തിന്റെ അഭാവം തന്നെ. പാശ്ചാത്യമിഷനറിമാർ വന്ന് അവിടെയുള്ള ആളുകൾക്ക് മാമ്മോദീസ നൽകി. പക്ഷെ, ആഴമായ ക്രൈസ്തവവിശ്വാസത്തിൽ അവരെ വളർത്തുവാൻ അവർ പരിശ്രമിച്ചില്ല. ഉദാഹരണത്തിന് വിശുദ്ധകുരിശ് പല സ്ഥലങ്ങളിലും നമുക്ക് കാണാൻ സാധിക്കും. പക്ഷേ, കുരിശ് നമ്മുടെ രക്ഷയുടെ അടയാളമാണെന്ന് അവിടെയുള്ള പലർക്കും അറിയില്ല. ദൈവത്തെകുറിച്ചും ദൈവിക കാര്യങ്ങളെകുറിച്ചും അറിയാൻ അവിടെയുള്ള ആളുകൾക്ക് അങ്ങേയറ്റം താത്പര്യമാണ്. എന്നാൽ വിശ്വാസികൾക്ക് ആനുപാതികമായി വൈദികരില്ലാത്തതുകൊണ്ട് ഞായറാഴ്ചകളിൽപോലും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ സാധിക്കുന്നില്ല. ഫലമോ മാസത്തിൽ ഒരിക്കൽ വൈദികൻ ദേവാലയത്തിൽ എത്തുമ്പോൾ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ എത്തുന്നവർ നന്നേ കുറവായിരിക്കും.

സഭ ഇന്ന് തഴച്ച് വളരുന്നത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണ്. വൈദികരുടെ കുറവ് അവിടെയും ഉണ്ട്. എന്നിരുന്നാലും എല്ലാ ഞായറാഴ്ചകളിലും അവർ ദേവാലയത്തിൽ ഒത്തുചേരുന്നു. വൈദികനുണ്ടെങ്കിൽ വിശുദ്ധ കുർബാന ഉണ്ടായിരിക്കും. ഇല്ലെങ്കിൽ അൽമായഡീക്കൻ ബൈബിൾ വായിച്ച് വ്യാഖ്യാനിക്കുന്നു. തുടർന്ന് വിശ്വാസികൾ വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യുന്നു. രാവിലെ ദേവാലയത്തിൽ എത്തിയാൽ ദിവസം മുഴുവൻ അവർ അവിടെത്തന്നെ ആയിരിക്കും. അതിനാൽ വിശ്വാസപരിശീലനം വേണ്ടവിധം നടക്കുകയും ചെയ്യുന്നു.

ഭാരതത്തിൽ ക്രൈസ്തവർ ന്യൂനപക്ഷമാണല്ലോ. പൊതുവേ വ്ശ്വാസത്തിൽ ജീവിക്കുന്നവരാണ് നമ്മുടെ രാജ്യത്തെ ക്രൈസ്തവർ പ്രത്യേകിച്ചും സീറോ മലബാർ സഭയിലെ അംഗങ്ങൾ. ഇടദിവസങ്ങളിൽ സാധിക്കുന്നവർ ദേവാലയത്തിൽ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നു. ഞായറാഴ്ചകളിൽ രോഗികളും പ്രായമായവരും ഒഴിച്ച് മിക്കവാറും എല്ലാവരും ദിവ്യബലിയിൽ സംബന്ധിക്കുന്നു. കാരണം ചെറുപ്പം മുതൽ തന്നെ വിശ്വാസപരിശീലനത്തിൽ വളരുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. ഇവയെല്ലാം തികച്ചും പ്രശംസനീയമായ കാര്യങ്ങളാണ്. ദൈവത്തിന് പ്രത്യേകം നന്ദി പറയുകയും ചെയ്യാം.

ഇവിടെ ഒരു വസ്തുത നാം ഓർക്കേണ്ടിയിരിക്കുന്നു, അതായത് വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണ് വിശ്വാസപരിശീലനത്തിന് ആരംഭം കുറിക്കേണ്ടത്. കുടുംബത്തെ ഗാർഹികസഭയെന്നും (LG .11) ഉത്ക്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയ (GS 52) മെന്നുമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. സഭയുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളിൽ മാതാപിതാക്കൾ തങ്ങളുടെ വാക്കുകളും മാതൃകകളും വഴി മക്കൾക്കു വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ വകർന്നു നല്കണമെന്നു (LG 11) കൗൺസിൽ ഓർമ്മിപ്പിക്കുന്നു.

ഇന്ന് ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം മൂലം കുട്ടികളുടെ പരിശീലനത്തിൽ മാതാപിതാക്കൾക്ക് വലിയ പങ്കില്ലെന്ന് പലരും പറഞ്ഞ് കേൾക്കാറുണ്ട്. ശാസ്ത്രീയ പഠനങ്ങൾ നമ്മെ മനസ്സിലാക്കി തരുന്നത് ഈ ശാസ്ത്ര സാങ്കേതിക യുഗത്തിലും കുട്ടികളുടെ ഏറ്റവും നല്ല റോൾ മോഡൽ മാതാപിതാക്കളാണെന്നാണ്. പക്ഷെ, ഒരു കാര്യം. തങ്ങൾ പറയുന്ന വിധത്തിൽ ജീവിക്കണം മാതാപിതാക്കൾ. അല്ലെങ്കിൽ കുട്ടികൾ മാതാപിതാക്കളെ ചോദ്യം ചെയ്യുകതന്നെ ചെയ്യും. കുട്ടികൾക്ക് ബോധ്യപ്പെടണം മാതാപിതാക്കൾ തങ്ങൾക്കുവേണ്ടിയാണ് സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും ജീവിക്കുന്നതുമാണ്. അങ്ങനെ അവർക്ക് ബോധ്യപ്പെട്ടാൽ മാതാപിതാക്കൾതന്നെയായിരിക്കും കുട്ടികളുടെ റോൾ മോഡൽ.

കുടുബത്തിൽ നിന്നു ലഭിക്കുന്ന വിശ്വാസപരിശീലനത്തിൽ ഏതാനും ചില കൂട്ടിച്ചേർക്കലുകൾ നടത്താൻ മാത്രമേ സൺഡേ സ്ക്കൂളുകൾക്കു സാധിക്കുകയുള്ളു. നമ്മുടെ രൂപതയിൽ Commission for Bible & Catechetics ന്റെ നേതൃത്വത്തിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങളോട് പൂർണ്ണമായി സഹകരിച്ച്, ക്രമീകൃതമായ രീതിയിൽ എല്ലാ ഇടവകകളിലും ദിവ്യകാരുണ്യകേന്ദ്രങ്ങളിലും സൺഡേസ്കൂളുകൾ നടത്തി, വിശ്വാസപരിശീലനം ഏറ്റവും നന്നായി നടത്തുവാൻ ബഹു. വൈദികരും, സിസ്റ്റേഴ്സും, സൺഡേസ്ക്കൂൾ അദ്ധ്യാപകരും, മാതാപിതാക്കളും, കുട്ടികളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനം പാഠപുസ്തകങ്ങളുടെ പഠനം മാത്രമല്ല, ക്രിസ്തീയ ജീവിതശൈലി അഭ്യസിക്കൽ കൂടിയാണ്. ഇതിനായി ഇടവക ദേവാലയത്തിലെ ദൈവാരാധാനയിലും, ഭക്തസംഘടനാ പ്രവർത്തനങ്ങളിലും, മറ്റു ഇടവക പ്രവർത്തനങ്ങളിലും താല്പര്യപൂർവ്വം പങ്ക് ചേരുവാൻ നമ്മുടെ കുഞ്ഞുങ്ങളെ എല്ലാവരും പ്രോത്സാഹിപ്പിക്കണം. രൂപതാതലത്തിൽ വിശ്വാസപരിശീലനം ഏകോപിക്കുന്നതിനും, ആവശ്യമായ പരിശീലനം മതാദ്ധ്യാപകർക്കും കുട്ടികൾക്കും നൽകുന്നതിനുമായി നിങ്ങളുടെ സാമ്പത്തികസഹായവും കഴിവുള്ള വിധത്തിൽ നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതിനായി ജൂൺ 12-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രത്തിലേക്ക് നൽകണമെന്ന് ഓർമിപ്പിക്കുന്നു.

വിശ്വാസപരിശീലനം തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. ഇതിലൂടെ ക്രിസ്തീയ മൂല്യങ്ങളും സഭയുടെ പഠനങ്ങളും നമ്മുടെയിടയിൽ സ്വീകാര്യത ഉണ്ടാവുകയും അത് ജീവിക്കുകയും ചെയ്യും.

വിശ്വാസപരിശീലനത്തിനായി നമ്മെ സഹായിച്ചുക്കൊണ്ടിരിക്കുന്ന സഭാപ്രസിദ്ധീകരണങ്ങളെ നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കണം. നമ്മുടെ സമൂഹത്തിന്റെ ശബ്ദമാണ് ദീപിക. ആഗോള

കത്തോലിക്കാ സഭയുടെ ഏക ദിനപത്രമായ ദീപികയെ ശക്തിപ്പെടുത്തുവാൻ നിങ്ങളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ദീപിക കുടുംബത്തിൽനിന്നുള്ള ഉത്തമ കുടുംബവാരികയായ സ്ത്രീധനം മാഗസിനും, കുട്ടികൾക്ക് വിജ്ഞാനവും സന്മാർഗ്ഗചിന്തകളും പകരുന്ന ഇംഗ്ലീഷ് മാഗസിനായ Children's Digest ഉം ബാംഗ്ലൂരിൽനിന്നും സഭയുടെ ശബ്ദമായി പ്രസിദ്ധീകരിക്കുന്ന സൺഡേ ദീപികയും നമ്മുടെ കുടുംബങ്ങളിൽ ഉണ്ടായിരിക്കണമെന്നും ഇതിനായി ബഹു. വൈദികരുടെയും, ദൈവജനം മുഴുവന്റെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ധർമ്മാരാം സെന്റ് തോമസ് ഫൊറോന പാരീഷ് ഹാളിൽവച്ച് ജൂൺ 19 വൈകുന്നേരം 5 മണിക്ക് നടക്കുന്ന ദീപികയുടെ 130-ാം വാർഷികാഘോഷത്തിലേക്ക് എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഈ വാർഷികാഘോഷത്തോടനുബന്ധിച്ച് ദീപിക പ്രസിദ്ധീകരിക്കുന്ന പിറന്നാൾ പതിപ്പിന് ആവശ്യമായ എല്ലാ സഹകരണങ്ങളും നിങ്ങൾ നൽകണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

പുതിയ അദ്ധ്യയനവർഷത്തിൽ മാതാപിതാക്കളെയും കുട്ടികളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെ,



**മാർ ആന്റണി കരിയിൽ**
മണ്ഡ്യ രൂപതയുടെ ഇടയൻ

ഈ ഇടയലേഖനം ജൂൺ 5-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.